©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഡിസംബർ 29<br>29th December 2020<br>1196 ധനു 14<br>14th Dhanu 1196<br>1942 പൌഷം 8<br>8th Pousha 1942 | നമ്പർ<br>No. **51** |

## PART IV

# Private Advertisements and Miscellaneous Notifications

## Vaikom Taluk

പരസ്യം

നമ്പർ സി1–5557/2019. 2020 നവംബർ 23.

വൈക്കം താലൂക്കിൽ കുലശേഖരമംഗലം വില്ലേജിൽ തെക്കുംഭാഗം കരയിൽ മഠത്തിൽ വീട്ടിൽ കെ. എൻ. കൃഷ്ണൻനായർ 16-3-2007-ലും ഭാര്യ പി. സരസ്വതിയമ്മ 9-5-2010-ലും മരണമടഞ്ഞിട്ടുള്ളതാണ്. ടി കെ. എൻ. കൃഷ്ണൻനായരുടെ പേരിലുള്ള ഭൂമി സംബന്ധമായും ബാങ്ക്, മറ്റ് വിവിധ ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചുതരണമെന്ന് കാണിച്ച് പരേതന്റെ സഹോദരിപുത്രിയായ ലളിതാംബിക നൽകിയ അപേക്ഷയിന്മേൽ കുലശേഖരമംഗലം വില്ലേജാഫീസർ മുഖാന്തിരം അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ കെ. എൻ. കൃഷ്ണൻനായർ 16-3-2007-ലും ഭാര്യ പി. സരസ്വതിയമ്മ 9-5-2010-ലും സന്താനരഹിതരായി മരണപ്പെട്ടിട്ടുള്ളതും മാതാപിതാക്കളും സഹോദരങ്ങളും മരണപ്പെട്ടിട്ടുള്ളതുമാണ്.

സുകുമാരൻ നായർ, മഞ്ജു നിവാസ്, ഇടവട്ടം പി. ഒ. എന്നയാൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ലിയു. പി. (സി) 15662/2019-ാം നമ്പർ കേസിലെ 9-10-2020-ാം തീയതിയിലെ ഉത്തരവിൽ 14-9-2018-ാം തീയതിയിലെ സി1-363/2018-ാം നമ്പർ സാക്ഷ്യപത്രം പുതുക്കി നൽകുവാൻ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 6-3-2018-ാം തീയതിയിലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 10-ൽ പാർട്ട് III പേജ് നമ്പറുകൾ 2132, 2133-കളിലായി പ്രസിദ്ധം ചെയ്തുവന്ന പരസ്യത്തിലെയും 17-7-2018-ാം തീയതിയിലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 29-ൽ പാർട്ട് III പേജ് നമ്പർ 6321-ൽ തിരുത്തൽ പരസ്യം വന്നതിലെയും അപാകതകൾ പരിഹരിച്ചും അവകാശികളിൽ ക്രമ നമ്പരുകൾ 6, 7, 8, 9, 13, 14 എന്നിവരെയും ഒഴിവാക്കി പരേതന്റെ ആവകാശികളായി 11 (പതിനൊന്ന്) പേർ മാത്രമാണുള്ളതെന്നറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | | വയസ് |
|---|---|---|---|---|
| 1 | ലളിതാംബിക | സഹോദരി പൊന്നമ്മയുടെ | മകൾ | 76 |
| 2 | സുകുമാരൻ നായർ | ,, | മകൻ | 73 |
| 3 | സരള | ,, | മകൾ | 70 |
| 4 | വിമല | ,, | ,, | 67 |
| 5 | ശശീന്ദ്രനാഥ് | ,, | മകൻ | 64 |
| 6 | ശ്രീദേവി | സഹോദരി പത്മാവതിയമ്മയുടെ | മകൾ | 64 |
| 7 | മോഹനകുമാരൻ നായർ | ,, | മകൻ | 59 |
| 8 | നിർമ്മല | ,, | മകൾ | 46 |
| 9 | വിജയകുമാരി | സഹോദരൻ ഭാസ്ക്കരൻ നായരുടെ | മകൾ | 65 |
| 10 | പ്രേംനാഥ് | ,, | മകൻ | 61 |
| 11 | ശ്യാംനാഥ് | ,, | ,, | 57 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ലിയു. പി. (സി) 15662/2019-ാം നമ്പർ കേസിലെ 9-10-2020-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരേതന്റെ അവകാശികൾ മേൽ വിവരിച്ച 1 മുതൽ 11 വരെ കക്ഷികളാണെന്നു പരിഗണിച്ച് അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം വൈക്കം തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷവും തപാൽമാർഗ്ഗവും ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
വൈക്കം. തഹശീൽദാർ.

തിരുത്തൽ പരസ്യം

നമ്പർ സി1–4885/2020. 2020 നവംബർ 11.

11-8-2020-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 32-ൽ (വാല്യം IX, പാർട്ട്-III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 5746-ൽ പ്രസിദ്ധം ചെയ്ത മേൽ നമ്പർ പരസ്യത്തിൽ അവകാശികളിൽ 'ക്രമനമ്പർ (2) വിജി, കെ. വി.-മകൻ-31 വയസ്, ക്രമനമ്പർ (3) വിന്ദുജാ വിജയൻ-മകൾ-24 വയസ്' എന്നത് 'ക്രമനമ്പർ (2) വിജിൻ, കെ. വി.-മകൻ-31 വയസ്, ക്രമനമ്പർ (3) വിന്ദുജ വിജയൻ-മകൾ-24 വയസ്' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
വൈക്കം. തഹശീൽദാർ.

## Kanjirappally Taluk

പരസ്യം

നമ്പർ സി2–5386/2020. 2020 നവംബർ 30.

കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ, മൂക്കൂട്ടുതറ പി. ഒ. യിൽ കൊടിത്തോട്ടത്തിൽ വീട്ടിൽ സാബു, കെ. എസ്. എന്നയാൾ 11-10-2019-ൽ മരണപ്പെട്ടു പോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്കായി ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും കാണിച്ച് പരേതന്റെ ഭാര്യ ഷൈനമ്മ സാബു, കൊടിത്തോട്ടത്തിൽ വീട്, മൂക്കൂട്ടുതറ പി. ഒ. എന്ന കക്ഷി സമർപ്പിച്ച അപേക്ഷയിന്മേൽ എരുമേലി തെക്ക് വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരേതന്റെ അനന്തരാവകാശികളായി താഴെ പേരു ചേർത്തിട്ടുള്ളവർ മാത്രമാണ് ഉള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഷൈനമ്മ സാബു | ഭാര്യ | 54 |
| 2 | അനന്തകൃഷ്ണ സാബു | മകൻ | 29 |
| 3 | അഞ്ജന സാബു കൃഷ്ണ | മകൾ | 25 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

മേൽ പറഞ്ഞിരിക്കുന്നവരാണ് പരേതന്റെ അനന്തരാവകാശികൾ എന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കാഞ്ഞിരപ്പള്ളി തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷമോ തപാലിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കാഞ്ഞിരപ്പള്ളി. തഹശീൽദാർ.